# അതി ഉത്കൃഷ്ട സേവാ മെഡൽ – 2021

----------------------------------------------------------------------------



കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ 2021 വർഷത്തിലെ അത്യുൽകൃഷ്ട സേവാ മെഡൽ ഇടുക്കി ജില്ലയിൽ നിന്നും സബ് ഇൻസ്പെക്ടറായ ശ്രീ.വിനോദ്കുമാർ.റ്റി – ക്കു ലഭിച്ചു. 25 വർഷം സർവ്വീസ് പൂർത്തീകരിക്കുകയും, മുൻ സേവനകാലയളവ് രേഖകൾ പരിശോധിച്ചതിൽ മികവാർന്ന പ്രകടനം കാഴ്ചവെക്കുകയും ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥരുടെ പട്ടിക തയ്യാറാക്കുകയും, റിപ്പോർട്ട് കേരളാ പോലീസ് ആസ്ഥാനത്ത് നിന്നും കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് സമർപ്പിച്ചതിൽ പ്രകാരമാണ് ഈ മെഡലിന് അർഹനായത്.






2020 വർഷത്തെ മുഖ്യമന്ത്രിയുടെ വിശിഷ്ടാ സേവാമെഡൽ ലഭിച്ചിരുന്നു. കൂടാതെ കേരളത്തിലെ 20 പോലീസ് ഉദ്യോഗസ്ഥരുടെ രചനകളിൽ നിന്നും ബഹു.എഡിജിപി ശ്രീമതി. ഡോ. ബി. സന്ധ്യ ഐ.പി.എസ് പുറത്തിറക്കിയ " സല്യൂട്ട് " എന്ന ചെറുകഥസമാഹാരത്തിൽ വ്യക്തി മുദ്ര പതിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ജില്ലാ സിവിൽ പോലീസ് ഹെഡ്ക്വാർട്ടർ സേനാംഗവും ജില്ലാ പോലീസ് പ്രോസിക്യൂഷൻ സെൽ സബ് ഇൻസ്പെക്ടറുമാണ് ശ്രീ.വിനോദ്കുമാർ.റ്റി.

**************************************